പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1204 30.09.2016-ലെ മറുപടിക്ക്

വെഞ്ഞാറമൂട്, പാലോട് . കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വെഞ്ഞാറമൂട്, പാലോട് . കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബസ്സുകളുടെയും ബസുകളുടെയും ജീവനക്കാരുടെയും കുറവു മൂലം ഷെഡ്യൂളുകൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജീവനക്കാരുടെ കുറവുമൂലം ഷെഡ്യൂളുകൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോകളിലെ ജീവനക്കാരുടെ ഒഴിവുകളുടെ വിവരം വിശദമാക്കാമോ; | (ബി) | പാലോട് ഡിപ്പോയിൽ 17 ഡ്രൈവർമാരുടെയും, 17 കണ്ടക്ടർമാരുടെയും കുറവുണ്ട്.<br>വെഞ്ഞാറമൂട് ഡിപ്പോയിൽ 33 ഡ്രൈവർമാരുടെയും 8 കണ്ടക്ടർമാരുടെയും കുറവുണ്ട്. |
| (സി) | ഷെഡ്യൂളുകൾ മുടങ്ങാതിരിക്കുവാൻ എത്ര ബസുകളുടെ കുറവാണുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 4 നോൺ എ.സി ജൻറം ഉൾപ്പെടെ 67 ഷെഡ്യൂളുകളാണ് ഉള്ളത്.<br>പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 74 ബസുകളാണ് ആവശ്യമായിട്ടുള്ളത്. ടി ഡിപ്പോയിൽ നിലവിൽ 9 ജൻറം ബസുകൾ ഉൾപ്പെടെ 60 ബസുകൾ ആണ് ഉള്ളത്. 14 ബസുകളുടെ കുറവ് ഉണ്ട്.<br>പാലോട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ 3 നോൺ എ.സി ജൻറം ഉൾപ്പെടെ 40 ഷെഡ്യൂളുകളാണ് ഉള്ളത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 44 ബസുകളാണ് ആവശ്യമായിട്ടുള്ളത്.<br>പാലോട് ഡിപ്പോയിൽ നിലവിൽ 3 ജൻറം ബസുകൾ ഉൾപ്പടെ 41 ബസുകൾ ആണ് ഉള്ളത്. 3 ബസുകളുടെ കുറവ് ഉണ്ട്. |

സെക്ഷൻ ഓഫീസർ